**A**

सम‍ग्र शिक्षा केरल
Samagra Shiksha Kerala
സമഗ്ര ശിക്ഷാ കേരളം

# സമഗ്ര ശിക്ഷാ കേരളം

**512**

## ആത്യന്തിക വിലയിരുത്തൽ I 2026-2027

## അടിസ്ഥാനപാഠാവലി

**ക്ലാസ്: 5**

**സമയം: 2 മണിക്കൂർ 15 മിനിറ്റ്**

### നിർദേശങ്ങൾ

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് പതിനഞ്ചു മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കണം
2. ആറു ചോദ്യങ്ങൾക്ക് ഉത്തരമെഴുതിയാൽ മതി.
3. എല്ലാ ഉപചോദ്യങ്ങൾക്കും ഉത്തരം എഴുതണം.

**(1) വായിക്കാം, എഴുതാം**

പഴയ ഒരു കഥയുണ്ട്.

പരുന്തും കുരുവിയുമാണ് കഥാപാത്രങ്ങൾ. പരുന്ത് വളരെ ഉയരത്തിൽ പറക്കുമല്ലോ. "ഉയരത്തിൽ പറക്കുന്ന കാര്യത്തിൽ എന്നെ ആർക്കും ജയിക്കാനാവില്ല." ആത്മവിശ്വാസത്തോടെ പരുന്ത് പറയും. വെറുതെ പറഞ്ഞാൽ പോരല്ലോ. തെളിയിക്കണ്ടേ? അങ്ങനെയാണ് കാട്ടിൽ പറക്കൽ മത്സരം നടന്നത്. ഒരുപാട് പക്ഷികൾ പങ്കെടുത്തു. പക്ഷേ, ഉയരത്തിൽ പറന്നത് പരുന്ത് തന്നെ. ഏറ്റവും മീതെ അതങ്ങനെ പറക്കുന്നത് താഴെ മറ്റു പക്ഷികളെല്ലാം നോക്കി നിന്നു.

അപ്പോഴതാ പരുന്തിന് മേലെ പൊട്ടുപോലെ ഒരു പക്ഷി കുതിച്ചുയരുന്നു. "കുരുവി... കുരുവി ജയിച്ചേ!" പക്ഷികൾ ആർത്തു. പരുന്ത് തല ചെരിച്ച് മുകളിലേയ്ക്ക് നോക്കി. വളരെ ഉയരത്തിൽ പറക്കുകയാണ് കുരുവി! ഇനി കുതിച്ചുയരാൻ ശേഷിയില്ലാത്ത വിധം പരുന്ത് തളർന്നിരുന്നു. കുരുവി മത്സരത്തിൽ ജയിച്ചു. എന്നാൽ, അതിലൊരു സൂത്രമുണ്ടായിരുന്നു. മത്സരം തുടങ്ങും മുമ്പ് പരുന്തിന്റെ പുറത്ത് തൂവലുകൾക്കിടയിൽ കുരുവി കയറി ഒളിച്ചിരിക്കുകയായിരുന്നു.

a) പറക്കൽ മത്സരം നടന്നത് ആരൊക്കെ തമ്മിലായിരുന്നു?

A. പരുന്തുകൾ തമ്മിൽ

B. പരുന്തും കുരുവിയും തമ്മിൽ

C. കുരുവികൾ തമ്മിൽ

D. കുരുവിയും കാക്കയും തമ്മിൽ

b) "ആർക്കും എന്നെ ജയിക്കാനാവില്ല" എന്ന് പരുന്ത് പറയുന്നത് എന്തുകൊണ്ട്?

A. മത്സരം ജയിച്ചതുകൊണ്ട്

B. മറ്റ് പക്ഷികൾ ചെറുതായതുകൊണ്ട്

C. ഉയരത്തിൽ പറക്കാൻ കഴിയുന്നതുകൊണ്ട്

D. കുതിച്ചുയരാൻ സാധിക്കാത്തതിനാൽ

c) കുതിച്ചുയരാൻ ശേഷിയില്ലാത്ത വിധം പരുന്ത് തളർന്നിരുന്നത് എപ്പോൾ?

i. കുരുവി ജയിച്ചപ്പോൾ

ii. മറ്റ് പക്ഷികൾ ആർത്ത് വിളിച്ചപ്പോൾ

iii. പരുന്തിന് ആത്മവിശ്വാസം കൂടുതലായപ്പോൾ

A. i ഉം ii ഉം ശരിയാണ്

B. ii ഉം iii ഉം ശരിയാണ്

C. i മാത്രം ശരിയാണ്

D. iii മാത്രം ശരിയാണ്

d) കുരുവി ചെയ്ത സൂത്രം എന്താണ്?

A. കുരുവി മുകളിലേക്ക് പറന്നുയർന്നു.

B. പരുന്തിനെ പറക്കാൻ അനുവദിച്ചില്ല.

C. മറ്റ് പക്ഷികളെ പറക്കാൻ അനുവദിച്ചില്ല.

D. പരുന്തിന്റെ തൂവലുകൾക്കിടയിൽ ഒളിച്ചിരുന്നു.

e) തന്നിരിക്കുന്ന പ്രസ്താവനകൾ പരിശോധിച്ച് ശരിയായ ഉത്തരം എഴുതുക.

പ്രസ്താവന 1 : പരുന്തിന്റെ അമിതമായ ആത്മവിശ്വാസമാണ് പരാജയത്തിലേക്ക് നയിച്ചത്.

പ്രസ്താവന 2 : കുരുവിക്ക് പറക്കാനുള്ള ശേഷി കൂടുതലായതിനാലാണ് കുരുവി ജയിച്ചത്

പ്രസ്താവന 3 : ചെറുതായതിനാൽ കുരുവിക്ക് ഉയരത്തിൽ പറക്കാൻ സാധിച്ചു.

പ്രസ്താവന 4 : സൂത്രപ്പണിയിലൂടെ പരുന്തിനെ പറ്റിച്ചാണ് കുരുവി ജയിച്ചത്.

A. i ഉം ii ഉം ശരിയാണ്

B. i ഉം iv ഉം ശരിയാണ്

C. ii ഉം iv ഉം ശരിയാണ്

D. ii ഉം iii ഉം ശരിയാണ്

2 (a) കുറിപ്പ്

നിങ്ങൾ വ്യത്യസ്തമായ ധാരാളം കളികളിൽ ഏർപ്പെട്ടിട്ടുണ്ടല്ലോ? എന്നിരുന്നാലും ഏതെങ്കിലും ഒരു കളിയിൽ നല്ല പരിശീലനം ലഭിച്ചിരുന്നുവെങ്കിൽ കുറച്ചുകൂടി നന്നായി കളിക്കാം എന്നു തോന്നിയിട്ടുണ്ടോ? നിങ്ങൾക്കിഷ്ടപ്പെട്ട ആ കളിയെക്കുറിച്ച് കുറിപ്പെഴുതുക.

b) 'കാട്ടിലെ കളികൾ' എന്ന കവിതയുടെ രചയിതാവ് ആര്?

A. എഴുത്തച്ഛൻ

B. കുഞ്ചൻനമ്പ്യാർ

C. ചെറുശ്ശേരി

D. കലവൂർ രവികുമാർ

c) പ്രസ്താവന 1 - സ്കൂളിലെ മുഴുവൻ കുട്ടികളും പങ്കെടുക്കുന്ന ഓട്ടമത്സരമാണ് റിലേ.

പ്രസ്താവന 2 - മീനിന്റെ വായിലൂടെ കയറി വായിലൂടെ തന്നെ പുറത്തിറങ്ങുന്ന കളിയാണ് മീൻവായിലൂടോട്ടം.

(A) പ്രസ്താവന 1 ഉം 2 ഉം തെറ്റ്

(B) പ്രസ്താവന 1 മാത്രം ശരി

(C) പ്രസ്താവന 1 ഉം 2 ഉം ശരി

(D) പ്രസ്താവന 2 മാത്രം ശരി

**ചുവടെ കൊടുത്ത (3A), (3B) എന്നീ രണ്ടു ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിനു മാത്രം ഉത്തരമെഴുതുക.**

3 (A) പോസ്റ്റർ

നിങ്ങളുടെ സ്കൂളിലെ കായിക ക്ലബ്ബിന്റെ നേതൃത്വത്തിൽ ഒരു കളിപ്പതിപ്പ് തയ്യാറാക്കുന്നു. അതിന്റെ പ്രകാശന ചടങ്ങിനോടനുബന്ധിച്ച് പോസ്റ്റർ തയ്യാറാക്കുക. (സ്ഥലം, തീയതി, തുടങ്ങി ഘടന പാലിച്ച് എഴുതുക).

**അല്ലെങ്കിൽ**

3 (B) നോട്ടീസ്

2026-ലെ ഫിഫ ലോകകപ്പിനോടനുബന്ധിച്ച് നിങ്ങളുടെ സ്കൂളിൽ ഒരു ഫുട്ബോൾ മത്സരം സംഘടിപ്പിക്കുന്നു. ഈ വിവരം പൊതുജനങ്ങളെ അറിയിക്കുന്നതിനായി നോട്ടീസ് തയ്യാറാക്കുക.

ചുവടെ കൊടുത്ത (4A), (4B) എന്നീ രണ്ടു ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിനു മാത്രം ഉത്തരമെഴുതുക.

## 4 (A) താരതമ്യക്കുറിപ്പ്

'റ്റോമോയിലെ കായികമേള' യിലെ തകാഹാഷിയുടെയും 'പന്തുകളിക്കാനൊരുപെൺകുട്ടി' യിലെ പ്രകാശന്റെയും കളിയോടുള്ള സമീപനരീതി താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**അല്ലെങ്കിൽ**

## 4 (B) അഭിപ്രായക്കുറിപ്പ്

"കേകികൾ കൂകുമ്പോൾ കൂകിത്തുടങ്ങിനാർ
കോകിലം പാടുമ്പോൾ പാടുകയും."

കൃഷ്ണന്റെയും കൂട്ടുകാരുടെയും കളികൾ പരിചയപ്പെട്ടല്ലോ. നിങ്ങൾക്ക് പരിചിതമായ നാടൻ കളികളെക്കുറിച്ച് അഭിപ്രായക്കുറിപ്പ് എഴുതുക.

## 5) ഡയറി

പെൺകുട്ടികളോടുള്ള തന്റെ മനോഭാവം ശരിയല്ലെന്ന് തിരിച്ചറിഞ്ഞ ആ ദിവസം പ്രകാശനിൽ ഒരുപാട് മാറ്റങ്ങൾ സംഭവിച്ചു. അന്ന് രാത്രി എന്തൊക്കെയാകും അവൻ തന്റെ ഡയറിയിൽ എഴുതിയിട്ടുണ്ടാകുക? പ്രകാശന്റെ ഡയറിക്കുറിപ്പ് തയാറാക്കുക.

## 6) കളിയനുഭവം

കളികൾ എപ്പോഴും നമുക്ക് ശാരീരികവും മാനസികവുമായ ആഹ്ലാദം നൽകുന്നവയാണല്ലോ. ഇത്തരം അനുഭവങ്ങൾ നിങ്ങൾക്കും ഉണ്ടായിരിക്കുമല്ലോ. അത്തരത്തിൽ ഒരു കളി അനുഭവം എഴുതുക.